18103745

**QP CODE: 18103745**

Reg No : ....................

Name : ....................

# UG DEGREE(CBCS)EXAMINATION, DECEMBER 2018

**First Semester**

**Common Course II - ML1CCT01 - MALAYALAM-KADHA SAHITHYAM**

(Common for BA/B.Sc. Model I Programmes)

2018 Admission only

8E089E34

**Maximum Marks: 80** **Time: 3 Hours**

## പാർട്ട് എ

അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **പത്തു** ചോദ്യത്തിന് ഉത്തരമെഴുതുക.
ഓരോ ചോദ്യത്തിനും **2** മാർക്ക് വീതം.

1. "മനുഷ്യരെയും മറ്റും കടിച്ചു കൊല്ലുന്ന പാമ്പുകളെയും മറ്റും ദൈവം എന്തിനു സൃഷ്ടിച്ചു ?" - ഈ ചിന്തയുടെ സാംഗത്യമെന്ത് ?
2. 'കൊല്ലണമെന്നു വേഗം പറയാം. കൊല്ലുകയും ചെയ്യാം. ജീവൻ കൊടുത്ത് സൃഷ്ടിക്കാൻ ഒക്കുമോ ?" - ആരുടെ വാക്കുകൾ ? സന്ദർഭം എഴുതുക.
3. 'ഇനിയൊരു കാമുകിയുടെ ഭാവം എന്റെ മനസ്സിന്റെ ആഴങ്ങളിൽ എവിടെയെങ്കിലും ഉണ്ടായിരുന്നോ എന്ന് ചോദിച്ചാൽ എനിക്കതിനു ഉത്തരം പറയാൻ കഴിയില്ല" - ആരുടെ വാക്കുകൾ ? സന്ദർഭം എഴുതുക.
4. ' എനിക്കൊരു ഈറ്റുമുറിയാണ് വേണ്ടത് , വാതിൽപുറത്തുള്ള ഒന്നിനോടും ബന്ധമില്ലാത്ത ഒരു ഈറ്റുമുറി " - ആരുടെ വാക്കുകളാണിത് ? സന്ദർഭം എഴുതുക.
5. " അവർക്ക് കൈപ്പലകകൾക്ക് പിന്നിൽ അത്ഭുതകരങ്ങളായ വലിയ ചിറകുകൾ വളർന്നിരുന്നു " - ആർക്ക് ? ഇങ്ങനെ പറയാൻ കാരണമെന്ത് ?
6. "നിന്റെയീ സ്നേഹമാണ് എന്റെയീ പ്രതികാരം " - സന്ദർഭവും സൂചിതവും വ്യക്തമാക്കുക ?
7. രാജ്ഞഹൽ ഖനിയെക്കുറിച്ച് ഗോപാൽയാദവിന്റെ ഓർമ്മകൾ എന്തെല്ലാം ?
8. ഉറൂസ് എലികളെ രക്ഷിക്കുന്നത് എങ്ങനെ ?
9. ജാഹ്നവി ഭക്ഷണത്തിൽ നിന്ന് മുടിയിഴ കാണിച്ചപ്പോൾ രവിശങ്കറിന്റെ മനോഭാവം എന്തായിരുന്നു ?
10. നജീബിന്റെ മരുഭൂമിയിലെ ലോകം എപ്രകാരമുള്ളതായിരുന്നു ?
11. 'വേദനകളും ദുഃഖങ്ങളും ഉറഞ്ഞുപ്പോയ ഒരു ജീവിതം മാത്രമാണ് എനിക്കിവിടെ കാണാൻ കഴിഞ്ഞത് " - ആർക്ക് ? എവിടെ ?
12. 'പെട്ടെന്ന് ഞാനെന്റെ അവസാനപ്രതീക്ഷയിലേക്ക് ഉണർന്നു " - നജീബ് ഇങ്ങനെ പറയാനുള്ള കാരണം എന്ത് ?

(10×2=20)



Turn Over

## പാർട്ട് ബി

ഒന്നര പുറത്തിൽ കവിയാതെ **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **5** മാർക്ക് വീതം.

13. പൂവമ്പഴം എന്ന കഥയിലെ പൂവമ്പഴം എന്ന കഥാപാത്രത്തെക്കുറിച്ച് എഴുതുക
14. 'സ്വന്തം മകനിൽ നിന്ന് അച്ഛൻ പ്രതീക്ഷിക്കുന്നതെന്തോ അത് അയാൾക്ക് ലഭിക്കുന്നത് ബേല എന്ന വിദേശവനിതയിൽ നിന്നാണ് ' - ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക
15. " നനവില്ലാത്ത, പശിമയില്ലാത്ത, തീരെ ഫലഫുഷ്ടിയില്ലാത്ത ഒരു തരിശുനിലം പോലെ നഗ്നമായി കിടക്കുകയായിരിക്കും അവളുടെ ഹൃദയം " - തരിശുനിലം എന്ന കഥയിൽ ഈ വാചകത്തിന്റെ സാംഗത്യമെന്തെന്നു വിശദീകരിക്കുക
16. ആർക്കറിയാം എന്ന കഥയിൽ അവതരിപ്പിക്കുന്ന ദൈവസങ്കൽപം എന്ത് ?
17. തിരുത്ത് എന്ന കഥയുടെ സമകാലിക പ്രസക്തിയെന്ത് ?
18. മോഹമഞ്ഞ എന്ന കഥയിൽ നിറഞ്ഞിരിക്കുന്ന ജീവിതചിത്രങ്ങളുടെ സ്വഭാവം എന്ത് ?
19. ഗൃഹാതുരത്വം എപ്രകാരമാണ് ആടുജീവിതത്തിൽ കടന്നുവരുന്നത് ?
20. ഒരാടിനൊപ്പം തന്റെ പുരുഷത്വവും ഒലിച്ചു പോയിരിക്കുവെന്നു നജീബ് പറയാനുള്ള കാരണം എന്ത് ?
21. ആടുജീവിതത്തിൽ ആവിഷ്ക്കരിക്കുന്ന ഭീകരരൂപിയുടെ ചിത്രം എപ്രകാരമാണ് ?

(6×5=30)

## പാർട്ട് സി

നാലു പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

ഓരോ ചോദ്യത്തിനും **15** മാർക്ക് വീതം.

22. മലയാളത്തിന്റെ കോമിക് ജീനിയസ്സാണ് വി.കെ.എൻ എന്ന അഭിപ്രായത്തിന്റെ സാധുത മാനാഞ്ചിറടെസ്റ്റ് എന്ന കഥയെ മുൻനിർത്തി ഉപന്യസിക്കുക
23. കടൽ എന്ന കഥയ്ക്ക് ഒരു ആസ്വാദനം എഴുതുക.
24. പാരിസ്ഥിതിക ദർശനം മലയാളം ചെറുകഥാ സാഹിത്യത്തിൽ ഒരു നവഭാവുകത്വത്തിനു ഇടയാക്കി' - പാഠഭാഗത്തെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.
25. ദയനീയമായ മനുഷ്യാവസ്ഥയുടെ പരിഛേദമാണ് ആടുജീവിതം ' - വിലയിരുത്തുക.

(2×15=30)